# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2662 19.12.2012 - ൽ മറുപടിക്ക്

## ജലത്തിന്റെ ഗുണമേന്മാപരിശോധന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനമൊട്ടാകെ ജലത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;<br><br>(ബി) എന്തെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ക്വാളിറ്റി കൺട്രോൾ ഡിവിഷനുകൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ കീഴിൽ എല്ലാ ജില്ലകളിലും കുടിവെള്ളഗുണനിലവാര പരിശോധനാലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ എറണാകുളം ജില്ലയിൽ കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്കായി അത്യാധുനിക സൗകര്യങ്ങളുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചു വരുന്നു. കൂടാതെ എല്ലാ വൻകിട കുടിവെള്ള പദ്ധതി ജല ശുദ്ധീകരണശാലയോടനുബന്ധിച്ചും പരിശോധനാലാബുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) എന്തെല്ലാം കാര്യങ്ങളാണ് ജലപരിശോധനയിലൂടെ കണ്ടെത്താൻ ഉദ്ദേശിക്കുന്നത്;<br>(ഡി) ഇങ്ങനെ കണ്ടെത്തുന്ന ജലത്തിലെ ദോഷകരമായ രാസ പദാർത്ഥങ്ങൾ ശുദ്ധീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ? | (സി) & (ഡി) കുടിവെള്ളത്തിന്റേ ഭൗതിക, രാസിക. ജൈവിക പരിശോധനകളാണ് നടത്തുന്നത്. ജലശുദ്ധീകരണ സംവിധാനമുപയോഗിച്ച് കുടിവെള്ളത്തിലെ ദോഷകരമായ ഘടകങ്ങൾ ഒഴിവാക്കിയും അല്ലെങ്കിൽ അവയുടെ തോത് അനുവദനീയമായ അംശത്തിൽ നിറുത്തിക്കൊണ്ടും അണുവിമുക്തമാക്കിയുമാണ് വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ